ധാതുമണൽ സമ്പത്ത്

251 (618) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ധാതുമണൽ സമ്പത്തിന്റെ വ്യാപ്തിയെയും ഇവ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതയെയും പറ്റി ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ ധാതുമണൽ സമ്പത്ത് ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ/ പരിഹാരങ്ങൾ/ പദ്ധതികൾ ആണ് നിർദ്ദേശിച്ചിട്ടുള്ളത്; നിർദ്ദേശങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ എന്തെങ്കിലും തീരുമാനം ഉണ്ടായിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) അനധികൃത ധാതുസമ്പത്ത് ഖനനം തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; പ്രസ്തുത നടപടികൾ പര്യാപ്തമാണ് എന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ധാതുമണൽ ഉപയോഗപ്പെടുത്തുന്നതിന് പൊതുമേഖലയിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുമോ ?

ഉത്തരം

(എ) കരിമണൽ ഖനനം സംബന്ധിച്ച് സംസ്ഥാന സർക്കാർ മൂന്ന് സമിതികളെ നിയോഗിച്ച് പഠനം നടത്തിയിട്ടുണ്ട്. ഓരോ കമ്മിറ്റിയും സമർപ്പിച്ച ശുപാർശകളുടെ പ്രസക്ത ഭാഗങ്ങൾ താഴെ ചേർക്കുന്നു :

സർവ്വശ്രീ ടി. എം. മഹാദേവൻ, കെ. കൃഷ്ണൻ ഉണ്ണി, ആർ. ആർ. നായർ എന്നിവരുൾപ്പെട്ട വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളുടെ പ്രസക്ത ഭാഗങ്ങൾ

1. കടൽ തീരങ്ങളിൽ കാലവർഷത്തെ തുടർന്ന് ശേഖരിക്കപ്പെടുന്ന ധാതുമണൽ ഉപരിതലത്തിൽ നിന്നും അര മീറ്റർ താഴ്ചയിൽ യന്ത്രസാമഗ്രികളുടെ ഉപയോഗം കൂടാതെ ശേഖരിക്കാവുന്നതാണ്.
2. കായംകുളം-ആറാട്ടുപുഴയ്ക്ക് മദ്ധ്യേയുള്ള 400 മീറ്ററോ അതിൽ കൂടുതലോ ഉള്ള ബാരിയർ ബീച്ചിൽ നിന്ന് മാത്രമേ ധാതുമണൽ ശേഖരണം നടത്താവൂ. ഇത്തരം പ്രദേശങ്ങളിൽ ഡ്രഡ്ജിംഗ്-കോൺസൺട്രേറ്റിംഗ് മെഷനറി ഉപയോഗിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

3. കായംകുളം പൊഴി, കായൽ, കനാൽ എന്നിവിടങ്ങളിൽ ചെറിയ തോതിൽ ജാഗ്രത പാലിച്ച് മാത്രമേ ഖനനം നടത്താവൂ. ഇത്തരം ഖനനം പരിസ്ഥിതിയെ ബാധിക്കുന്നില്ല.

പ്രൊഫ. കെ. വി. ത്രിവിക്രമജി, ഡോ. സി. ജി. നമ്പ്യാർ, ശ്രീ. എൻ. കൃഷ്ണകുമാർ എന്നിവരുടെ റിപ്പോർട്ടിലെ ശുപാർശകളുടെ പ്രസക്ത ഭാഗങ്ങൾ:

1. ഖനനം പരിസരവാസികളുടെ ദൈനംദിന ജീവിത രീതികളെ ചെറിയ തോതിൽ ബാധിക്കുമെങ്കിലും വ്യക്തമായ ആസൂത്രണത്തിലൂടെ ഇതിന് പരിഹാരം കണ്ടെത്താവുന്നതാണ്.

2. വ്യക്തമായ, മുൻകൂട്ടി നിശ്ചയിച്ച പദ്ധതികളിലൂടെ മാത്രമേ ഡ്രഡ്ജിംഗ് ഉൾപ്പെടെയുള്ള ഖനന പ്രക്രിയകൾ നടത്താവൂ.

ജസ്റ്റിസ് കെ. ജോൺ മാത്യു, ഡോ. കെ.കെ. ദിവേദി, ശ്രീ. ബി. സി. പോഡാർ എന്നിവരുടെ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളുടെ പ്രസക്ത ഭാഗങ്ങൾ :

1. ആറാട്ടുപുഴ-തൃക്കുന്നപ്പുഴ പഞ്ചായത്തിലെ തീരപ്രദേശത്തുനിന്നും സ്വാപ്പിംഗ് രീതി അനുവർത്തിച്ചുകൊണ്ട് 30 സെ.മീ. ആഴത്തിൽ ധാതുമണൽ നീക്കം ചെയ്യാവുന്നതാണ്. കൂടാതെ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ട് ഉൾപ്രദേശങ്ങളിൽ ചെറു സെക്ടറുകളായി തിരിച്ച് ഡ്രഡ്ജിംഗ് നടത്താവുന്നതാണ്.

2. കായലിൽ നിന്നും മണൽ നീക്കം ചെയ്യുന്ന പക്ഷം യന്ത്ര സാമഗ്രികൾ ഉപയോഗിക്കാതെ കട്ടകൾ ഉപയോഗിച്ച് നീക്കം ചെയ്യേണ്ടതാണ്. ടി നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാണ് നിലവിൽ കരിമണൽ ഖനനം നടക്കുന്നത്. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് ആന്റ് മെറ്റൽസും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ റെയർ എർത്തിനുമാണ് തീരപ്രദേശത്ത് ഖനനാനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഈ ധാതുമണൽ ശേഖരത്തിന്റെ ചെറിയ ഒരളവ് മാത്രമേ ശേഖരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുവാൻ സാധിക്കുന്നുള്ളൂ. വിവിധ പ്രാദേശിക, സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങൾ മൂലമാണ് പൂർണ്ണ തോതിലുള്ള ധാതുമണൽ ശേഖരം നടക്കാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് :

ധാതുമണൽ സമ്പത്തിന്റെ വ്യാപ്തിയും, അവ ഉപയോഗപ്പെടുത്തുന്നതിനായുള്ള സാധ്യതയെയുംപറ്റി ഈ സ്ഥാപനം പഠനം നടത്തുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ് (ഐ.ആർ.ഇ.എൽ.) അവരുടെ മിനറൽ സെപ്പറേഷൻ പ്ലാന്റിന്റെ ഉത്പാദനശേഷി വർദ്ധിപ്പിച്ചു മൈനിംഗ് ലീസ് ഉള്ള വിവിധ പ്രദേശങ്ങളിലെ ഭൂമി ഐ.ആർ.ഇ.എൽ. വിലയ്ക്ക് വാങ്ങിക്കൊണ്ടിരിക്കുന്നു.

(ബി) അനധികൃത ധാതുമണൽ കടത്ത് തടയുന്നതിനായി കരുനാഗപ്പള്ളി പോലീസ് സർക്കിൾ ഇൻസ്പെക്ടർ, അസിസ്റ്റന്റ് ജിയോളജിസ്റ്റ്, ആലപ്പുഴ തഹസിൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡ് നിലവിലുണ്ട്. കൂടാതെ മൈനിംഗ് & ജിയോളജി വകുപ്പിന്റെ ദക്ഷിണമേഖല മിനറൽ സ്ക്വാഡ്, കൊല്ലം ജില്ലയിലെ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തിവരുന്നുണ്ട്. നിലവിലുള്ള സാഹചര്യത്തിൽ ഈ നടപടികൾ പര്യാപ്തമാണ്. എന്നിരുന്നാലും റവന്യൂ വകുപ്പ്, പോലീസ് വകുപ്പ്, മൈനിംഗ് & ജിയോളജി വകുപ്പ് എന്നിവരടങ്ങുന്ന സംയുക്ത പട്രോളിംഗ് സ്ക്വാഡ് രൂപീകരിക്കുന്നതിനും തോട്ടപ്പള്ളി മുതൽ നീണ്ടകര വരെയുള്ള തീരദേശത്ത് കോസ്റ്റൽ പോലീസിനെക്കൊണ്ട് പട്രോളിംഗ് നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പൊതുമേഖലാ സ്ഥാപനങ്ങളായ കേരള മിനറൽസ് ആന്റ് മെറ്റൽസിനെയും ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിനെയും കൂടുതൽ ശക്തിപ്പെടുത്തി വിവിധങ്ങളായ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ ധാതുമണൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

കൈത്തറി വ്യവസായ മേഖല

252 (619) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയുടെ നിലവിലെ അവസ്ഥ പരിശോധിച്ചിട്ടുണ്ടോ ;

(ബി) കൈത്തറി വ്യവസായമേഖലയിൽ ആയിരക്കണക്കിന് പേരെ നിത്യപട്ടിണിയിലേക്ക് തള്ളിവിടുമ്പോഴും വാഗ്ദാനങ്ങൾ പാലിക്കുന്നതിന് സർക്കാർ തലത്തിൽ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly